എച്ച്1- 47124/2016

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം,
Email.apccf-admin.for@kerala.gov.in
Phone (O) : 0471 2338491
Fax : 0471 2338491

തീയതി : 22.12.2017.

## അനൗദ്യോഗിക കുറിപ്പ്

വിഷയം:- ഓഖി ചുഴലിക്കാറ്റ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 2 ദിവസത്തെ വേതനം സംഭാവനയായി നൽകുന്നതിനുള്ള അഭ്യർത്ഥന - സംബന്ധിച്ച്.

സൂചന:-
(1) സർക്കാർ ഉത്തരവ് നമ്പർ ഡി.ഡി.എൻ4-/2017/പൊ.ഭ.വ തീയതി 14-12-2017.
(2) 21-12-2017-ലെ സർക്കാർ പരിപത്രം നമ്പർ C.D.N-4/205/2017/ പൊ.ഭ.വ

ഓഖി ചുഴലിക്കാറ്റിനാൽ ദുരിതം അനുഭവിക്കുന്ന മൽസ്യതൊഴിലാളി കുടുംബങ്ങൾക്കും മറ്റു ദുരിതബാധിതർക്കും ആശ്വാസമാകത്തക്കവിധം കൂടുതൽ സഹായം ലഭ്യമാക്കുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2 ദിവസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകാൻ സൂചന പ്രകാരം സർക്കാർ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ സൂചന (2) പ്രകാരം രണ്ട് ദിവസത്തെ ശമ്പളം എന്നത് ജീവനക്കാരുടെ രണ്ട് ദിവസത്തെയോ, അവർ തീരുമാനിക്കുന്ന രീതിയിൽ നിശ്ചിത ദിവസങ്ങളിലെ ശമ്പളമോ അല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള തുകയോ സംഭാവനയായി നൽകാമെന്നും, സമ്മതപത്രം നൽകാത്ത ജീവനക്കാർക്ക് രണ്ട് ദിവസത്തെ ശമ്പളം സംഭാവനയായി നൽകാൻ സമ്മതമാണെന്ന അനുമാനത്തിൽ സ്പാർക്കുവഴി കുറവു വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഓഖി ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന എല്ലാ തുകയ്ക്കും ഇൻകംടാക്സ് ഇളവിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

ഇതു പ്രകാരം മേൽപ്പറഞ്ഞിരിക്കും വിധം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന സമ്മതപത്രം 23/12/2017-ന് മുൻപായി എച്ച്-സെക്ഷനിൽ ഹാജരാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

website
22/12/2017

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം) ക്കു വേണ്ടി

To
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്)

D:\Sathi 2017\Admin\H1\H1-47124-16 . U.O Note 18-12-17doc.Doc.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & കസ്റ്റോഡിയൻ ഓഫ് ഇക്കോളജിക്കലി (ഫ്രജൈൽ ലാൻഡ്)
എന്നിവർക്ക് പേഴ്സണൽ അസിസ്റ്റന്റ്/ കോൺഫിഡഷ്യൽ അസിസ്റ്റന്റ് മുഖേന നൽകുന്നു.

അഡീഷണൽപ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എക്കോഡവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫയർ)
അഡീഷണൽപ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(എസ്.എ. & എൻ. ഒ)
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & കസ്റ്റോഡിയൻ ഓഫ് ഇക്കോളജിക്കലി (ഫ്രജൈൽ ലാൻഡ്)
എന്നിവർക്ക് കോൺഫിഡഷ്യൽ അസിസ്റ്റന്റ് മുഖേന നൽകുന്നു.

സീനിയർ ഫിനാൻസ് ഓഫീസർ

ജോയിന്റ് സെക്രട്ടറി (ലോ വിംഗ്)

എല്ലാ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ/ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട്/ ഹെഡ് അക്കൗണ്ടന്റ്മാർക്കും നൽകുന്നു.

ബന്ധപ്പെട്ട സെക്ഷനിലെ എല്ലാ വിഭാഗം ജീവനക്കാരെയും ഈ വിവരം യഥാസമയം അറിയിച്ചു എന്ന് എല്ലാ ബ്രാഞ്ച് ഓഫീസർമാരും, സെക്ഷൻ സൂപ്രണ്ട്മാരും ഉറപ്പുവരുത്തേണ്ടതാണ്.

D:\Sathi 2017\Admin\H1\H1-47124-16 U.O Note 18-12-17doc.Doc

PM FAX 0001/0002

**കേരള സർക്കാർ**
**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം. സി.ഡി.എൻ.4/205/2017/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 21-12-2017

**പരിപത്രം**

വിഷയം :- ഓഖി ചുഴലിക്കാറ്റ് – മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും രണ്ട് ദിവസത്തെ വേതനം സംഭാവനയായി നല്കുന്നതിനുള്ള അഭ്യർത്ഥന സംബന്ധിച്ച്.

സൂചന- 1) 14/12/2017 ലെ ഇതേ നമ്പർ പരിപത്രം
2) 20/12/2017 ൽ നടന്ന സർവ്വീസ് സംഘടനകളുടെ യോഗം

ഓഖി ചുഴലിക്കാറ്റിനാൽ ദുരിതമനുഭവിക്കുന്ന മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്കും മറ്റ് ദുരിത ബാധിതർക്കും ആശ്വാസമാകത്തക്കവിധം കൂടുതൽ സഹായം ലഭ്യമാക്കുന്നതിലേക്കായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിൽ നിന്നും രണ്ട് ദിവസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകണമെന്ന് സൂചന 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ഈ വിഷയത്തിൽ സർവ്വീസ് സംഘടനകളുടെ അഭിപ്രായം മാനിച്ച് രണ്ടുദിവസത്തെ ശമ്പളം എന്നത് ജീവനക്കാരുടെ രണ്ടുദിവസത്തെയോ , അവർ തീരുമാനിക്കുന്ന രീതിയിൽ നിശ്ചിത ദിവസങ്ങളിലെ ശമ്പളമോ അല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള തുകയോ സംഭാവനയായി നൽകാവുന്നതാണ്. ഈ തുക ഓഖി ദുരിതാശ്വാസബാധിതർക്ക് പ്രത്യേകമായി ആരംഭിച്ച (STSB – 799011400003321, District Treasury , Thiruvananthapuram എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നതിന് ബന്ധപ്പെട്ട ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർമാരെ അധികാരപ്പെടുത്തേണ്ടതാണെന്ന് എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകുന്നു. കൂടാതെ ബാങ്കിലും (AC. No. 67319948232 , State Bank of India, City Branch, Thiruvananthapuram , IFS Code – SBIN0070028) നേരിട്ടടയ്ക്കാവുന്നതാണ്. സമ്മതപത്രം നൽകാത്ത ജീവനക്കാർക്ക് രണ്ട് ദിവസത്തെ ശമ്പളം സംഭാവനയായി നൽകാൻ സമ്മതമാണെന്ന അനുമാനത്തിൽ സ്പാർക്ക് വഴി കുറവു വരുത്തുന്നതാണ്. ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്ന എല്ലാ തുകയ്ക്കും ഇൻകംടാക്സ് ഇളവിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

കെ.എം.എബ്രഹാം
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

FAX

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
പൊതുഭരണ (അക്കൗണ്ട്സ്-ഐ) വകുപ്പിന് (ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിനായി)
പൊതുഭരണ (ക്യാഷ്) വകുപ്പിന് (അറിവിലേക്കായി)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ഗസറ്റഡ് ഓഫീസർമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**<u>സമ്മത പത്രത്തിന്റെ മാതൃക</u>**

ഓഖി ചുഴലിക്കാറ്റ് ദുരിതബാധിതരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്റെ രണ്ട്/........................................................ ദിവസത്തെ വേതനമായ -----------രൂപ (--------------------------------------------------------------- രൂപ മാത്രം) ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്നതിന് ഞാൻ ഇതിനാൽ സമ്മതം രേഖപ്പെടുത്തുന്നു.

ഒപ്പ്
പേര്
തസ്തിക
ഓഫീസ്

സ്ഥലം
തീയതി